**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1582** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>എസ്.എം.എം.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** തരൂർ നിയോജകമണ്ഡലത്തിലെ പഴമ്പാലക്കോട് എസ്.എം.എം.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും നവീകരണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തരൂർ നിയോജകമണ്ഡലത്തിലെ പഴമ്പാലക്കോട് എസ്.എം.എം.എച്ച്.എസ്.എസ്. ഗ്രൗണ്ട് വികസന പ്രവൃത്തിക്കായി 15.01.2025 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, കബഡി കോർട്ട്, ടോയ്‌ലറ്റ് ബ്ലോക്ക്, റീട്ടൈനിംഗ് വാൾ, ഫെൻസിംഗ്, ഡ്രെയിൻ, ഗേറ്റ്, കോമ്പൗണ്ട് വാൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കോമ്പൗണ്ട് വാൾ, റീട്ടൈനിംഗ് വാൾ, ഫെൻസിംഗിന്റെ ഫ്രെയിം വർക്ക്, ഗ്രൗണ്ട് ലെവലിംഗ്, ടോയ്‌ലറ്റ് ബ്ലോക്കിന്റെ സ്ട്രക്ച്ചറൽ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2026 മേയ് മാസം മുതൽ ഇടവിട്ട് പെയ്യുന്ന മഴ കാരണം മഡ് കോർട്ട് നിർമ്മാണത്തിന് തടസ്സം നേരിട്ടിരുന്നു. നിലവിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**